ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 11.01.2025** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1) സ്വാമി വിവേകാനന്ദന്റെ ജന്മവാർഷികത്തോടനുബന്ധിച്ച് നാളെ ന്യൂഡൽഹിയിൽ നടക്കുന്ന വികസിത് ഭാരത് യുവനേതൃ സംവാദം പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും.

   **Prime Minister Narendra Modi will participate in the Viksit Bharat Young Leaders Dialogue 2025 at Bharat Mandapam in New Delhi tomorrow on the occasion of National Youth Day, commemorating the birth anniversary of Swami Vivekananda.**

2) ലഹരി കടത്തും ദേശ സുരക്ഷയുമായി ബന്ധപ്പെട്ട സുപ്രധാന മേഖലാ സമ്മേളനം ഇന്ന് ന്യൂഡൽഹിയിൽ; കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ അധ്യക്ഷത വഹിക്കും.

   **Union Home Minister Amit Shah will chair a regional conference on Drug Trafficking and National Security in New Delhi today.**

3) കേന്ദ്രമന്ത്രി ജീത്തൻ റാം മാഞ്ചി ഇന്ന് കൊച്ചി കയർ ബോർഡ് ആസ്ഥാനം സന്ദർശിക്കും.

   **Union Minister Jithan Ram Manjhi will visit Kochi Coir Board today.**

4) നൂറാമത്തെ ഉപഗ്രഹ വിക്ഷേപണം ഈ മാസം അവസാനത്തോടെയുണ്ടാകുമെന്ന് ഐഎസ്ആർഒ ചെയർമാൻ ഡോ എസ് സോമനാഥൻ.

   **Dr. Somanath said that 100th satellite launch by ISRO is expected to happen by the end of January.**

5) ഭാവഗായകൻ പി ജയചന്ദ്രന് മലയാളക്കര ഇന്ന് വിടനൽകും; സംസ്കാരം വൈകിട്ട്.

**Thousands pay last respect to renowned singer P. Jayachandran. Funeral will take place today.**

6) ഐഎസ്എൽ ഫുട്ബോളിൽ പഞ്ചാബ് എഫ് സി-നോർത്ത് ഈസ്റ്റ് എഫ് സി പോരാട്ടം സമനിലയിൽ.

**In ISL football, Punjab FC-North East FC match ended in draw.**

******************************************

## HEADLINE-1

## PM-YOUNG LEADERS DIALOGUE

സ്വാമി വിവേകാനന്ദന്റെ ജന്മവാർഷികത്തോടനുബന്ധിച്ച് നാളെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന വികസിത് ഭാരത് യുവനേതൃ സംവാദം 2025ൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും. രാജ്യത്തുടനീളമുള്ള മൂവായിരത്തോളം യുവ നേതാക്കളുമായി ശ്രീ മോദി സംവദിക്കും. സാങ്കേതികവിദ്യ, സുസ്ഥിരത, സ്ത്രീ ശാക്തീകരണം തുടങ്ങിയ വിഷയങ്ങളിലെ ആശയങ്ങൾ യുവനേതാക്കൾ പ്രധാനമന്ത്രിയുമായി പങ്കുവയ്ക്കും.

******************************

## PM (INTRO)

വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കാൻ 2047ഓടെ രാജ്യം നേരിടുന്ന എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. സാമൂഹിക നീതിയും മതേതരത്വവും ഉറപ്പ് വരുത്താൻ സർക്കാർ പദ്ധതികൾ 100 ശതമാനം നടപ്പാക്കേണ്ടത് അത്യാവശ്യമാണെന്നും അദ്ദേഹം പറഞ്ഞു. പ്രമുഖ സംരംഭകനായ നിഖിൽ കാമത്തിന് നൽകിയ അഭിമുഖത്തിലാണ് ശ്രീ. മോദി ഇക്കാര്യം പറഞ്ഞത്. ജനങ്ങൾക്ക് അടിസ്ഥാനസൗകര്യം ഉറപ്പാക്കാനുള്ള നിരവധി പദ്ധതികൾ ഇതിനോടകം നടപ്പാക്കിയെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ് )

ജനങ്ങൾക്ക് പ്രാപ്യമായ വ്യക്തിയാവുക എന്നതാണ് ഒരു നല്ല രാഷ്ട്രീയ നേതാവിന്റെ പ്രധാന ഗുണങ്ങളിൽ ഒന്നെന്നും അദ്ദേഹം പറഞ്ഞു. പ്രധാനമന്ത്രിയുടെ ജീവിതം, രാഷ്ട്രീയ വഴികൾ തുടങ്ങിയവ അഭിമുഖത്തിൽ ചർച്ചയായി.

******************************

## PM MODI-FRANCE VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദി ഫ്രാൻസ് സന്ദർശിക്കും. അടുത്ത മാസം നടക്കാനിരിക്കുന്ന നിർമ്മിത ബുദ്ധി ഉച്ചകോടിയിൽ ശ്രീ നരേന്ദ്ര മോദി പങ്കെടുക്കുമെന്ന് ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോ അറിയിച്ചു.

******************************

## PM-UP CM

ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് പ്രധാനമന്ത്രി നരേന്ദ്ര മോദിയെ സന്ദർശിച്ചു. പ്രധാനമന്ത്രിയുടെ മാർഗനിർദേശവും പ്രചോദനവും, പ്രയാഗ്‌രാജിൽ നടക്കുന്ന മഹാകുംഭമേളയുടെ വിജയത്തിന് പ്രേരണയാകുമെന്ന് അദ്ദേഹം പറഞ്ഞു. ഈ മാസം 13 മുതൽ ഫെബ്രുവരി 26 വരെയാണ് മഹാകുംഭമേള.

******************************

## HEADLINE-2
## SHAH-DRUG TRAFFICKING CONFERENCE

ലഹരി മരുന്ന് കടത്തും ദേശ സുരക്ഷയുമായി ബന്ധപ്പെട്ട മേഖലാ സമ്മേളനത്തിന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് ന്യൂഡൽഹിയിൽ അധ്യക്ഷത വഹിക്കും. വർദ്ധിച്ചു വരുന്ന ലഹരി മരുന്ന് കടത്തും ദേശ സുരക്ഷയിൽ അതിന്റെ സ്വാധീനവും

നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ സംഘടിപ്പിക്കുന്ന സമ്മേളനം ചർച്ച ചെയ്യും. പതിനാലാമത് ലഹരി മരുന്ന് നിർമാർജന പാക്ഷികം ശ്രീ ഷാ ഉദ്ഘാടനം ചെയ്യും. എട്ട് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും പ്രതിനിധികൾ മേഖലാ സമ്മേളനത്തിൽ പങ്കെടുക്കും.

*****************************

## RAJNATHSINGH (INTRO)

ആഗോളതലത്തിൽ സമാധാനവും സമൃദ്ധിയും നിലനിർത്താൻ സമാന ചിന്താഗതിയുള്ള രാജ്യങ്ങൾ ഒറ്റകെട്ടായി പ്രവർത്തിക്കേണ്ടത് അനിവാര്യമാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. എയ്റോ ഇന്ത്യ 2025-ന് മുന്നോടിയായി ന്യൂഡൽഹിയിൽ നടന്ന അംബാസഡർമാരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയിസ് )

*****************************

## OM BIRLA-CSPOC

ഫ്രഞ്ച് തീരത്തെ ഇംഗ്ലീഷ് ചാനലിലെ ദ്വീപുകളിലൊന്നായ ഗൺസിയിൽ നടന്ന കോമൺവെൽത്ത് രാജ്യങ്ങളിലെ സ്പീക്കർമാരുടെയും പ്രിസൈഡിംഗ് ഓഫീസർമാരുടെയും സ്റ്റാൻഡിംഗ് കമ്മിറ്റി യോഗത്തിൽ ലോക്സഭാ സ്പീക്കർ ഓം ബിർള അധ്യക്ഷത വഹിച്ചു. കൃഷി, നിർമിത ബുദ്ധി എന്നിവയുൾപ്പെടെയുള്ള മേഖലകളിൽ ഇന്ത്യ വലിയ പരിവർത്തനങ്ങൾ കൊണ്ടുവന്നതായി ശ്രീ ബിർള പറഞ്ഞു.

*****************************

## DELHI-ELECTION-NOMINATION

തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചതോടെ 70 അംഗ ഡൽഹി നിയമസഭയിലേക്കുള്ള നാമനിർദ്ദേശ പത്രികാസമർപ്പണത്തിന് ഇന്നലെ തുടക്കമായി. ആദ്യ ദിവസം, വിവിധ മണ്ഡലങ്ങളിലായി ഒമ്പത് സ്ഥാനാർത്ഥികൾ പത്രിക സമർപ്പിച്ചു. വോട്ടെടുപ്പ് അടുത്ത മാസം 5 ന് നടക്കും.

******************************

## BJP-CEC MEETING

ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പിനുള്ള സ്ഥാനാർത്ഥികളെ തീരുമാനിക്കുന്നതിനായി ബിജെപി കേന്ദ്ര തിരഞ്ഞെടുപ്പ് സമിതി യോഗം ന്യൂഡൽഹിയിൽ ചേർന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദി, ബിജെപി അധ്യക്ഷൻ ജെ പി നദ്ദ, കേന്ദ്രമന്ത്രിമാരായ അമിത് ഷാ, രാജ്നാഥ് സിംഗ് തുടങ്ങിയവർ പങ്കെടുത്തു.

******************************

## AYODHYA-RAM LALLA ANNIVERSARY

അയോധ്യ പ്രാണപ്രതിഷ്ഠയുടെ ഒന്നാം വാർഷികത്തോടനുബന്ധിച്ചുള്ള ആഘോഷ പരിപാടികൾക്ക് ഇന്ന് തുടക്കമാകും. യുപി മുഖ്യമന്ത്രി യോഗി ആദിത്യനാഥ് പരിപാടി ഉദ്ഘാടനം ചെയ്യും. കഴിഞ്ഞ വർഷം ജനുവരി 22 നാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി ക്ഷേത്രം ഉദ്ഘാടനം ചെയ്തത്.

******************************

### HEADLINE-3

## JITAN RAM MANJHI

കേന്ദ്ര സൂക്ഷ്മ-ചെറുകിട-ഇടത്തര വ്യവസായ മന്ത്രി ജീത്തൻ റാം മാഞ്ചി ഇന്ന് കേരളത്തിലെത്തും. കൊച്ചിയിലെ കയർ ബോർഡ് ആസ്ഥാനം, അരൂർ-ചേർത്തല എന്നിവിടങ്ങളിലെ കയർ നിർമ്മാണ യൂണിറ്റുകൾ കേന്ദ്രമന്ത്രി സന്ദർശിക്കും.

*******************************

## MINES AUCTION

പ്രത്യേക സാമ്പത്തിക മേഖലയിലെ ധാതു ബ്ലോക്കുകളുടെ ആദ്യഘട്ട ലേലവുമായി ബന്ധപ്പെട്ട് കേന്ദ്ര ഖനി മന്ത്രാലയം സംഘടിപ്പിക്കുന്ന റോഡ് ഷോ ഇന്ന് കൊച്ചിയിൽ നടക്കും. ആദ്യഘട്ട ലേലത്തിൽ അറബിക്കടലിലെയും, ആൻഡമാൻ കടലിലെയും പതിമൂന്ന് ബ്ലോക്കുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കേരള തീരത്തിന് സമീപമുള്ള മൂന്നു ബ്ലോക്കുകളും ഇതിൽ ഉൾപ്പെടും. ചടങ്ങിൽ ഖനി മന്ത്രാലയം സെക്രട്ടറി വി എൽ കാന്തറാവു പങ്കെടുക്കും.

*******************************

## HEADLINE-4

## ISRO CHAIRMAN DR. S SOMANATH (INTRO)

ബഹിരാകാശത്ത് വച്ച് ഉപഗ്രഹങ്ങളെ കൂട്ടിയോജിപ്പിക്കുന്ന ഡോക്കിംഗിനുള്ള തീയതി ഉടൻ തീരുമാനിക്കുമെന്ന് ഐഎസ്ആർഒ ചെയർമാൻ ഡോ. എസ്. സോമനാഥ്. ഉപഗ്രഹങ്ങൾ സുരക്ഷിതമാണെന്നും ഡോക്കിംഗിന് സജ്ജമാണെന്നും അദ്ദേഹം വ്യക്തമാക്കി. ഐഎസ്ആർഒയുടെ നൂറാമത്തെ ഉപഗ്രഹ വിക്ഷേപണമായ നാവിക് ജനുവരി അവസാനത്തോടെ ഉണ്ടാകുമെന്ന് ആകാശവാണി വാർത്തകൾക്ക് നൽകിയ പ്രത്യേക അഭിമുഖത്തിൽ ഡോ. സോമനാഥ് അറിയിച്ചു.

(ഹോൾഡ് വോയിസ്)

*******************************

## HEADLINE-5

## P JAYACHANDRAN

അന്തരിച്ച ഗായകൻ പി ജയചന്ദ്രന് മലയാളക്കര ഇന്ന് വിട നൽകും. ഭൗതിക ശരീരം രാവിലെ എട്ടിന് ജന്മനാടായ ചേന്ദമംഗലത്തേക്ക് കൊണ്ടു പോകും. ഇരിങ്ങാലക്കുട നാഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ പൊതു ദർശനത്തിനു വയ്ക്കും. പകൽ 3.30 ന് പാലിയത്തെ തറവാട്ടുവളപ്പിൽ സംസ്കരിക്കും. ഇന്നലെ തൃശൂർ സംഗീതനാടക അക്കാദമിയിലും പൂങ്കുന്നത്തെ വീട്ടിലും പൊതുദർശനത്തിന് വച്ചപ്പോൾ ആദരാഞ്ജലി അർപ്പിക്കാൻ ജീവിതത്തിന്റെ നാനാ തുറകളിൽ നിന്നും ആയിരങ്ങൾ എത്തി.

******************************

## ERUMELI PETTA THULLAL

എരുമേലിയിൽ മകരവിളക്ക് തീർത്ഥാടന കാലത്തെ പ്രധാന ആചാരമായ അമ്പലപ്പുഴ ആലങ്ങാട് സംഘങ്ങളുടെ പേട്ട കെട്ട് ഇന്ന് നടക്കും. ഉച്ചയോടെ എരുമേലി ശ്രീധർമ്മശാസ്താ ക്ഷേത്രത്തിൽ നിന്ന് അമ്പലപ്പുഴ സംഘത്തിന്റെ പേട്ടതുള്ളൽ പുറപ്പെടും. വാവര് പള്ളി എന്നറിയപ്പെടുന്ന നൈനാർ പള്ളിയിൽ സ്വീകരണം ഏറ്റുവാങ്ങി വാവരുടെ പ്രതിനിധിയോടൊപ്പം സംഘം പേട്ട ശാസ്താ ക്ഷേത്രത്തിലേക്ക് നീങ്ങും. ഉച്ചകഴിഞ്ഞ് ആലങ്ങാട് സംഘത്തിന്റെ പേട്ടതുള്ളൽ നടക്കും. ഇന്നലെ എരുമേലിയിലെത്തിയ അമ്പലപ്പുഴ, ആലങ്ങാട് സംഘങ്ങൾ മഹല്ല് മുസ്ലിം ജമാഅത്തിന്റെ സൗഹൃദ സംഗമത്തിൽ പങ്കെടുത്തു.

******************************

## VENEZUELA-PRESIDENT OATH

വെനസ്വേലയുടെ പ്രസിഡൻറായി നിക്കോളാസ് മഡുറോ മൂന്നാംവട്ടവും സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. മഡൂറോയുടെ വിജയം രാജ്യത്തെ പ്രതിപക്ഷം അംഗീകരിക്കാൻ തയാറായിട്ടില്ല. അമേരിക്കയും സ്പെയിനും യൂറോപ്യൻ പാർലമെൻറും മഡൂറോയുടെ വിജയം അംഗീകരിച്ചിട്ടില്ല.

*******************************

## TRUMP-DISCHARGE

രഹസ്യബന്ധം മറച്ചുവയ്ക്കാൻ നടിയ്ക്ക് പണം നല്കിയ കേസിൽ നിയുക്ത യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ശിക്ഷാ വിധി ഒഴിവാക്കി. കേസിൽ ട്രംപ് കുറ്റക്കാരനാണെന്ന് ന്യൂയോർക്ക് കോടതി കണ്ടെത്തിയിരുന്നു. എന്നാൽ, ട്രംപ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട സാഹചര്യത്തിൽ ശിക്ഷ വിധിക്കുന്നത് ഒഴിവാക്കുകയായിരുന്നു.

*******************************

## WOMENS I-LEAGUE

ഇന്ത്യൻ വനിതാ ഫുട്ബോൾ ലീഗ് സീസണിൽ കോഴിക്കോട് നടന്ന ആദ്യമത്സരത്തിൽ ഗോകുലത്തിന് സമനില ചാമ്പ്യന്മാരായ ഒഡിഷ എഫ്. സി.യെയാണ് സമനിലയിൽ തളച്ചത്.

*******************************

### HEADLINE-6

## ISL

ഐഎസ്എൽ ഫുട്ബോളിൽ പഞ്ചാബ് എഫ് സിയും നോർത്ത് ഈസ്റ്റ് എഫ് സിയും തമ്മിൽ ഇന്നലെ നടന്ന മത്സരം സമനിലയിൽ അവസാനിച്ചു. ഇരു ടീമുകളും ഓരോ ഗോളുകൾ വീതം നേടി. ഇന്ന് രണ്ട് മത്സരങ്ങളാണുള്ളത്. ബംഗളൂരു-മുഹമ്മദൻ എസ് സിയെയും, രണ്ടാം മത്സരത്തിൽ മോഹൻബഗാൻ-ഈസ്റ്റ് ബംഗാളിനെയും നേരിടും.

*******************************

## WOMENS CRICKET

അയർലൻഡിനെതിരായ വനിതാ ഏകദിന ക്രിക്കറ്റിൽ ഇന്ത്യയ്ക്ക് ആറു വിക്കറ്റ് വിജയം. രാജ്കോട്ടിലെ സൗരാഷ്ട്ര ക്രിക്കറ്റ് അസോസിയേഷൻ സ്റ്റേഡിയത്തിൽ നടന്ന ഏകദിന പരമ്പരയിലെ ആദ്യ മത്സരത്തിൽ അയർലൻഡ്. 239 റൺസ് വിജയലക്ഷ്യം ഉയർത്തി. 35-ാം ഓവറിൽ ഇന്ത്യൻ വനിതകൾ ലക്ഷ്യം കണ്ടു.

*******************************

## WOMENS - BASKETBALL

ദേശീയ ബാസ്കറ്റ്ബോൾ ചാമ്പ്യൻഷിപ്പിൽ കേരള വനിതകൾ സെമിയിൽ. ക്വാർട്ടറിൽ മഹാരാഷ്ട്രയെ തോൽപ്പിച്ചു.

*******************************

## VOLLEYBALL

ദേശീയ വോളിബോളിൽ കേരള ടീമുകൾ ക്വാർട്ടറിൽ. പുരുഷവിഭാഗം അവസാന ഗ്രൂപ്പ് മത്സരത്തിൽ ഇന്ത്യൻ റെയിൽവേസിനെ കീഴടക്കിയാണ് കേരളം മുന്നേറിയത്. കേരള വനിതകൾ ഹരിയാന, ഹിമാചൽ പ്രദേശ്, ബംഗാൾ ടീമുകളെ നേരിട്ടുള്ള സെറ്റുകളിൽ കീഴടക്കിയാണ് ക്വാർട്ടറിൽ കടന്നത്.

*******************************

## ATHLETIC MEET

ആരോഗ്യ സർവകലാശാല അത്ലറ്റിക് മീറ്റിന് ഇന്ന് ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ തുടക്കമാകും. 2 ദിവസത്തെ മീറ്റിൽ സർവകലാശാലയ്ക്കു കീഴിലുള്ള മെഡിക്കൽ, ഡെൻറൽ, ഫാർമസി, നഴ്സിങ് കോളേജുകളെ പ്രതിനിധീകരിച്ച് ആയിരത്തി അഞ്ഞൂറോളം വിദ്യാർഥികൾ മത്സരിക്കും.

*

*************

*********************************************